# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1981** **06.02.2019-ൽ മറുപടിക്ക്**

**യുവതികളുടെ ശബരിമല ദർശനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. കെ.സി.ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ രണ്ട് യുവതികൾ ജനവരി രണ്ടാം തീയതി ദർശനത്തിന് എത്തിയത് മഫ്റ്റി പോലീസിന്റെ സഹായത്തോടെയാണോ എന്ന് വ്യക്തമാക്കാമോ;<br>(ബി) അപ്രകാരം സഹായം നൽകണമെന്ന് അവർ രേഖാമൂലം പോലീസിനോട് ആവശ്യപ്പെട്ടിരുന്നോ;<br>(സി) സന്നിധാനത്ത് സാധാരണ ഭക്തന്മാർക്ക് സ്റ്റാഫ് ഗേറ്റ് വഴി പ്രവേശനം അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ രണ്ട് യുവതികൾക്ക് സ്റ്റാഫ് ഗേറ്റ് വഴി പ്രവേശനം നൽകിയത് ആരുടെ നിർദ്ദേശപ്രകാരമാണ് എന്നറിയിക്കാമോ; | (എ) യും (ബി) യും (സി) യും ശബരിമലയിൽ ദർശനം നടത്തുന്നതിനുള്ള സഹായം യുവതികൾ വാക്കാലാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പോലീസ് സംരക്ഷണം ഉറപ്പാക്കുന്നതിനായി ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുദ്യോഗസ്ഥർ സ്റ്റാഫ് ഗേറ്റ് വഴി പ്രവേശനം അനുവദിച്ച് ദർശനം സാധ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ജനുവരി 16 ന് ദർശനത്തിനെത്തിയ രണ്ട് യുവതികൾക്ക് പോലീസ് മേല്പറഞ്ഞ രീതിയിൽ സംരക്ഷണം ഒരുക്കിയിരുന്നോ; | (ഡി) പോലീസ് സംരക്ഷണം നൽകിയിരുന്നു. |
| (ഇ) ഇല്ലെങ്കിൽ അവർക്ക് സംരക്ഷണം നൽകാതെ നീലിമലയിൽ നിന്നും അവരെ നിർബന്ധപൂർവ്വം തിരിച്ചിറക്കിയത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ? | (ഇ) നീലിമലയിൽ നിന്നും അവരെ നിർബന്ധപൂർവ്വം തിരിച്ചിറക്കിയതല്ല. യുവതീ പ്രവേശനം എതിർക്കുന്നവരുടെ പ്രതിഷേധം കാരണം തീർത്ഥാടനം സ്വയം ഉപേക്ഷിച്ച് അവർ മടങ്ങിയതാണ്. |

സെക്ഷൻ ഓഫീസർ